**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1562** **19-09-2025 - ൽ മറുപടിയ്ക്ക്**

**ധനുവച്ചപുരം ഐ.ടി.ഐ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ, ധനുവച്ചപുരം ഐ.ടി.ഐ.യിൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഒരു അധിക ബാച്ച് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ധനുവച്ചപുരം ഐ.ടി.ഐയിൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ അധിക ബാച്ച് അനുവദിക്കുന്നതിനായുള്ള ശിപാർശകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത ഐ.ടി.ഐ.യിൽ വിവിധ വിഭാഗങ്ങളിലായി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായി പ്രോപ്പോസലുകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ധനുവച്ചപുരം ഐ.ടി.ഐയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായുള്ള ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) | ഈ ഐ.ടി.ഐ.യെ ഒരു പ്രൊഡക്ഷൻ സെന്ററായി ഉയർത്തി അവിടെ നിന്ന് പഠനം പൂർത്തിയാക്കി ഇറങ്ങുന്ന കുട്ടികൾക്ക് തൊഴിലവസരം കൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (സി) | ധനുവച്ചപുരം ഐ.ടി.ഐ-യെ പ്രൊഡക്ഷൻ സെന്ററായി ഉയർത്തുന്നതിനായുള്ള ശിപാർശകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത ഐ.ടി.ഐ.യിലെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ഇത് സംബന്ധിച്ച ശിപാർശകളൊന്നും നിലവിൽ ലഭ്യമായിട്ടില്ല. |
| (ഇ) | പ്രസ്തുത ഐ.ടി.ഐ. ക്യാമ്പസിലെ കാലഹരണപ്പെട്ടതും അപകടാവസ്ഥയിലുള്ളതുമായ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | ധനുവച്ചപുരം ഐ.ടി.ഐയിലെ 13 സ്റ്റാഫ് ക്വാർട്ടേഴ്സുകളിൽ വാസയോഗ്യമല്ലാത്ത 11 ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റുന്നതിനും ശേഷിക്കുന്ന 2 ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനുമുള്ള അനുമതി ലഭ്യമാക്കുവാൻ ഐ.ടി.ഐ പ്രിൻസിപ്പൽ, ട്രെയിനിംഗ് ഡയറക്ടർക്ക് ശിപാർശ നൽകിയിരുന്നു. ക്വാർട്ടേഴ്സ് പൊളിച്ചു മാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ സർവേ റിപ്പോർട്ടിൽ അപാകത ഉള്ളതിനാൽ ആയത് പരിഹരിച്ച് നൽകുന്നതിന് ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ സർവേ റിപ്പോർട്ടും, ക്വാർട്ടേഴ്സ് നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റും |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ